# അക്കാദമിക മാസ്റ്റർപ്ലാൻ

UP, HS

2025-26

ഡി.ബി.എച്ച്.എസ്

എരുമേലി

# ആമുഖം

ഉറ്യേമലി ശ്രീ ധർമ്മശാസ്താവിന്റെ അനുഗ്രഹത്താൽ 1951-ൽ സ്ഥാപിതമായ സ്കൂൾ ആദ്യകാലങ്ങളിൽ മണികണ്ഠവിലാസം മലയാളം പ്രൈമറി സ്കൂൾ എന്ന പേരിൽ ആയിരുന്നു അറിയപ്പെട്ടിരുന്നത്. പ്രൈമറി സ്കൂൾ ആയി തുടങ്ങിയ ഈ സ്ഥാപനം ആയിരത്തി തൊള്ളായിരത്തി അറുപത്തി അഞ്ചിൽ ഹൈസ്കൂളായി ഉയർത്തി. അഞ്ചേക്കർ സ്ഥലത്താണ് ഈ സ്കൂൾ നിലനിൽക്കുന്നത്.

ഈ സ്കൂളിന്റെ പ്രാരംഭ ഘട്ടത്തിൽ ആയിരത്തിൽ പരം കുട്ടികൾ പഠിച്ചിരുന്നു. സമീപ പ്രദേശങ്ങളിൽ നാലോളം പുതിയ സ്കൂളുകൾ തുടങ്ങിയതിനാൽ ഈ സ്കൂളിലും കുട്ടികളുടെ എണ്ണം കുറയാൻ തുടങ്ങി. എന്നാൽ അധ്യാപകരുടെയും അനധ്യാപകരുടെയും പിടിഎയുടെയും കൂട്ടായ പരിശ്രമത്താൽ സ്കൂളിൽ കുട്ടികളുടെ എണ്ണം വർധിച്ചു വരുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 അധ്യാപകരും, 10 ദിവസവേതന അടിസ്ഥാനത്തിലുള്ള അധ്യാപകരും, 4 അനധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു.

ഇതോടൊപ്പം പ്രീപ്രൈമറി ക്ലാസുകളും നിലവിൽ ഉണ്ട്. SSLC യ്ക്ക് തുടർച്ചയായി പതിമൂന്ന് വർഷമായി 100% വിജയം നേടുകയും, A+ നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഈ വിദ്യാലയത്തിലെ മൂന്ന് ക്ലാസ്മുറികൾ സ്മാർട്ട് റൂമുകൾ ആക്കുകയും, ബാക്കി 5,6,7 ക്ലാസുകളിലേക്ക് ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ യാത്രാസൗകര്യത്തിനായി മാനേജ്മെന്റിൽ നിന്നും സ്കൂൾ ബസ് നൽകിയിട്ടുണ്ട്. കുട്ടികൾക്ക് എല്ലാവർക്കും യാത്ര സൗജന്യമാണ്. എല്ലാ ക്ലാസ് മുറികളിലും ഫാൻ വിളക്കും, തറകൾ ടൈൽ പാകിയതുമാണ്. സ്കൂൾ മുറ്റം ടൈൽ പാകി മനോഹരമാക്കിയിട്ടുണ്ട്. മുറ്റം പൂച്ചട്ടികളാൽ അലങ്കരിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനായി വിശാലമായ ഡൈനിംഗ് ഹാളും, കൈകഴുകുന്നതിനായി പൈപ്പുകളും, കുടിവെള്ളത്തിനായി പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കുന്നതിനുള്ള പാത്രങ്ങളും, ഗ്ലാസുകളും സ്കൂളിൽ നിന്നു തന്നെ ലഭ്യമാണ് ചെറിയ കുട്ടികളുടെ ഉല്ലാസത്തിനായി പാർക്കും, ചെറിയ കളിസ്ഥലവും, ഒരുക്കിയിട്ടുണ്ട്. ഇത് വിപുലീകരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

പാഠ്യപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം യോഗ, കമ്പ്യൂട്ടർ പഠനം, പ്രവൃത്തിപരിചയം, കലാകായികം എന്നിവയ്ക്ക് പ്രത്യേക പരിശീലനവും പരിഗണനയും നൽകി വരുന്നു. കുട്ടികൾക്കായി പ്രത്യേകം വായനാമുറിയും, ക്ലാസ് മുറികളിൽ വായനമൂലയും ഒരുക്കിയിട്ടുണ്ട്. ഓരോ ക്ലാസിന്റെയും അസംബ്ലിയിൽ കുട്ടികൾ തയ്യാറാക്കുന്ന വായനാക്കുറിപ്പുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. അക്കാദമിക് കലണ്ടർ പ്രകാരം ദിനാചരണങ്ങൾ നടത്തപ്പെടുന്നു. ഇതോടൊപ്പം ജനമൈത്രി പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും, എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെയും ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസുകൾ നടത്തപ്പെടുന്നു. മറ്റ് സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കും, രക്ഷിതാക്കൾക്കും കൗൺസിലിംഗ് ക്ലാസും നടത്തപ്പെടുന്നു.

# പൊതുലക്ഷ്യങ്ങൾ

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ പ്രായ ഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ ഉയർന്ന തലത്തിൽ നേടുക.
* കുട്ടിയിൽ മതനിരപേക്ഷത, ജനാധിപത്യം, ലിംഗഭേദമന്യേ പാരിസ്ഥിതികാവബോധം, വിമർശനാത്മക ബോധം എന്നിവ പാഠ്യേതര പ്രവർത്തനങ്ങളിൽ ഉളവായിട്ടുണ്ടെന്ന് ഉറപ്പാക്കൽ
* കുട്ടിയുടെ ചുറ്റുപാടുകളായ വിദ്യാലയം, വീട്, സമൂഹം ഇവ പരിസ്ഥിതി സൗഹാർദ്ദപരമാക്കും, പ്ലാസ്റ്റിക് മുക്തമാക്കും, ജൈവവൈവിധ്യപൂർണമാക്കും മാറ്റുന്നതിന്.
* ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്.
* നാടിന്റെ സംസ്കാരവും, പൈതൃകവും, തിരിച്ചറിയുന്നതിനും, സംരക്ഷിക്കുന്നതിനും, സ്കൂളിന്റെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സ്കൂൾ വികസനത്തിനും നാട്ടിലെ എല്ലാ സാധ്യതകളെയും പ്രയോജനപ്പെടുത്തുന്നതിനും, കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും, ജൈവവൈവിധ്യം നിലനിർത്തുന്നതിനും, ഹരിതനിയമാവലി പാലിക്കുന്നതുമായ വിദ്യാലയ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും

ഓരോ കുട്ടിയുടേയും പഠനമികവുകളും സർഗാത്മശേഷികളും പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നതിന്

* കുട്ടികളെ ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും, സമൂഹത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും.
* പെൺകുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനായി കരാട്ടെ പരിശീലനം.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും, ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
* ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും, അക്കാദമിക നൈപുണ്യങ്ങളും ഉറപ്പാക്കൽ.
* മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പു വരുത്തുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക
* പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ

പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തു

* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പാക്കുക.
* മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പാക്കുക.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യം ജനകീയവുമാക്കുക
* കുട്ടികളിലെ കായികക്ഷമത ഉറപ്പാക്കുന്നതിനാവശ്യമായ കായിക പ്രവർത്തനങ്ങൾ നടപ്പാക്കുക.

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | |
|---|---|
| * ക്ലാസ് മുറികൾ | 11 |
| * ലൈബ്രറി | 1 |
| * സയൻസ് ലാബ് | 1 |
| * കമ്പ്യൂട്ടർ ലാബ് | 1 |
| * ചുറ്റുമതിൽ | ഉണ്ട് |
| * കളിസ്ഥലം | ഉണ്ട് |
| * കമ്പ്യൂട്ടർ/ലാപ്ടോപ്പ് | ഉണ്ട് |
| * ടെലിവിഷൻ | ഉണ്ട് |
| * പ്രൊജക്ടർ | ഉണ്ട് |
| * റാമ്പ് | ഉണ്ട് |
| * അടുക്കള | ഉണ്ട് |
| * ഡൈനിംഗ് റൂം | ഉണ്ട് |
| * സ്കൂൾ ബസ് | ഉണ്ട് |
| * ഓഡിറ്റോറിയം | ഉണ്ട് |
| * സ്മാർട്ട് ക്ലാസ് റൂം | ഉണ്ട് |
| * പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 9 |
| * ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 4 |
| * ബയോബിൻ | ഉണ്ട് |
| * യൂറിൻ ഷെഡ് | 3 |
| * ടെക്സ്റ്റ് ബുക്ക് സ്റ്റാൾ | 1 |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം

* ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നിവിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
* റിസോഴ്സ് അധ്യാപകരുടെ കുറവ്.
* വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം
* കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല.

## * ഭൗതികം

* പ്രാതഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു.
* കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

## സാമൂഹികം

* ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെക്കുറിച്ച് ധാരണയില്ല.

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരം

## മലയാളം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| * | ഭാഷയുടെ അടിസ്ഥാന ശേഷിവികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക (ശ്രദ്ധ) | അക്ഷരമുറപ്പിക്കൽ, വാക്കുകൾ ഉറപ്പിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രം, കഥ പറയൽ, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ് | 10 മാസം | ഭാഷാധ്യാപകർ | |
| * | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വായനാമൂല, പത്രവായന, ബാലമാസിക, പുസ്തകപരിചയം, വായനാക്കുറിപ്പ്, വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം | 10 മാസം | ഭാഷാ അധ്യാപകർ | |
| * | സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂലമനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ വീഡിയോ പ്രദർശനങ്ങൾ | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം, IT അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| * | പഠിതാക്കളിലെ സർഗവാസനകളെ പരിപോഷിപ്പിക്കൽ, കുട്ടിയെ മികച്ച ഒരെഴുത്തുകാരനാക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവരണങ്ങൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിൽ അവതരിപ്പിക്കാൻ അവസരങ്ങൾ നൽകൽ വായനാക്കുറിപ്പ് തയ്യാറാക്കൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ പത്രവാർത്താ അവതരണം | അക്കാദമിക വർഷം | ഭാഷാ അദ്ധ്യാപകർ | |

# ENGLISH LEARNING OBJECTIVES

- LISTENING
- READING
- SPEAKING
- WRITING



| OBJECTIVES | STRATEGIES | TIME | |
|---|---|---|---|
| 1. To practice Listening and Speaking English with ease. | <u>Lend Your ear</u><br>Let the learners listen to simple stories and records. Ask them to answer related questions.<br><br><u>My english Speaking Friends.</u><br>Let the learners communicate with friends. Find a new word from the conversation with their friends.<br><br><u>Simon Says</u><br>Let the learners listen to the commands from Simon and ask them to follow the commands only starting with "Simon Says".<br><br><u>Spot The Mistake</u><br>Listen some statements related with textbook and Spot the mistake. | August to March.<br><br>August to March.<br><br>December<br><br>January | |

| | | | | |
|---|---|---|---|---|
| | <u>Telephone.</u><br>Students form a circle and take turns whispering a message to each other until it reaches the original sender. | February | | |
| 2. To practice to communicate confidently in English. | <u>Spoken English classes.</u><br>Improve their communication skills by teaching them the basic english grammar. | August to March. | | |
| | <u>Picture Description</u><br>Students are shown a picture and asked to describe what is in it. | September | | |
| | <u>Read It.</u><br>Encourage the students to read with proper voice modulation inorder to make them aware about the importance of voicemodulation. | September | | |

| | | | |
|---|---|---|---|
| | **Two Truths And A Lie**<br>Encourage the students to ask questions to find the lie. | october. | |
| | **Experience Sharing.**<br>Let the learners to share their experience during different occasions. | September<br>December<br>january | |
| | **Interviews.**<br>Students conduct interviews with classmates, teachers and other friends. | February. | |
| 3. To improve reading speed, To develop ability to comprehension, To improve pronunciation, accent and loud reading | **Read It And Stop**<br>Let the learners to read the text book, simple and interesting short stories with correct pronunciation and voice modulation. Tells them to stop only where there is punctuations. | August to March. | |

| | | | |
|---|---|---|---|
| | Word Jumble Race. A team activity where students unscramble sentences to practice grammar and spelling. Students work together to put their sentence in the correct order. | September | |
| | Refer Dictionary Give the learners some words and ask them to refer the dictionary and find out the meaning. | August to March. | |
| 4. Enable children to write English without mistakes | Board Race. Write a category on the board. Set a target number of 10 to 20 words. Let them write words related with the category. It will enrich their vocabulary | August to March. | |
| | End Letter Game. Ask the learner to write words which ends with the letter of | | |

| | | | |
|---|---|---|---|
| | the word teacher given. | | |
| | <u>Jump 'n Jump.</u><br>Draws some boxes and writes auxiliary verbs and pronouns. Ask the learners to jump from the pronoun to the correct auxiliary verb. | August to March. | |
| | <u>English Assembly.</u><br>Each class should conduct an English Assembly. | August to March. | |

# English

## Aim

To promote and develop to speak, read write listen english without any mistakes.

Time: June to March.

Pretest:- To check the vocabulary and writing skills of pupil

To develop listening skills and reading Skills

## Listening Skills

Games, action songs, Hello english activities and conversation, skit stories use ICT

## Reading Skills

Newspaper reading, library books reading, book review, reading breaking news

find words

Collect and read past tense

Text book activities

## Activities

Speech, book review, Quiz, riddles self introduction.

Develop the creative speaking and writing.

## Writing Skills

* Make word web
* Word chain, sentence chain
* Make conversation
* Short stories, dairy, letter

## Activities

Make magazines, Book review

## Speaking skills

* Growing sentence, picture reading
* Self introduction
* Assembly are also conducted

## Activities

* News paper reading

To express thoughts feeling etc

## Reading skills

Newspaper reading, library book reading
Reads breaking news, Read notice develop stories

## Writing skills

Description, notice proclamation thoughts.

## Activities

School assembly conducted and read the news paper

* To express thoughts and feelings
* Develop creative speaking, grammar reading, writing
* To improve the presentation power
* Quiz, riddles, magazine, skit conduct programmes, news making poster create

# ഹിന്ദി

| | | | |
|---|---|---|---|
| * UP ലെ പിന്നോക്കക്കാരായ കുട്ടികൾക്കും അക്ഷരങ്ങളും, ആശയങ്ങളും, പദങ്ങളും ഉറപ്പിക്കൽ | അക്ഷരമെഴുത്ത് ചിഹ്നമുപയോഗിച്ച് അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ് അക്ഷരമാല പ്രദർശനം വാക്കുകൾ, വാക്യങ്ങൾ എന്നിവ നിർമ്മിക്കുക | ജൂൺ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ |
| * ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക ICT സഹായത്തോടെ ഹിന്ദി കുട്ടികഥകളുടെ പ്രദർശനം | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |
| * ഹിന്ദി സംസാരം നിത്യജീവിതത്തിൽ ആവശ്യംവരുന്ന ഹിന്ദി വാക്കുകൾ പരിചയപ്പെടൽ | ഹിന്ദിയിൽ സംസാരിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ - ഫെബ്രുവരി | |
| * ആശയങ്ങൾ ഉൾക്കൊള്ളിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കുക സുരീലി ഹിന്ദി. | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ Sep 14, Jan: 10 ഹിന്ദിക്ലബ്ബ് ഉദ്ഘാടനം | നവംബർ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

| | | കാലയളവ് | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| (1) | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിന | 8, 9 | ഹിന്ദി അധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദി സുഗമമായി വായിക്കാനും, എഴുതാനും സംസാരിക്കാനും, ആശയവിനിമയം നടത്താനുമുള്ള ശേഷി വികസിപ്പിക്കൽ |
| 2. | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന പ്രവർത്തനങ്ങൾ, വാക്കുകൾ. ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 8, 9 | ഹിന്ദി അധ്യാപിക. | |
| 3. | ഹിന്ദി അന്വേഷണവുമായി ബന്ധപ്പെട്ട അവസരം<br>• ഹിന്ദി ഡോക്യുമെന്ററി. സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9, 10 | ഹിന്ദി അധ്യാപിക | |

# സംസ്കൃതം

| | | | |
|---|---|---|---|
| * | യു.പി. തലത്തിലെ പ്രാഥമികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരമെഴുത്ത് അക്ഷരമാലാ- ദർശനം, ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷരകാർഡ് വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ - ആഗസ്ത് |
| * | ദൈനംദിനോപയോഗമുള്ള വാക്കുകൾ സംസ്കൃതത്തിൽ പഠിക്കുക | നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും പേരുകളും സംസ്കൃതത്തിൽ പഠിപ്പിക്കുക പാഠപുസ്തകത്തിന്റെയും ICT സഹായത്തോടെയും വാക്കുകൾ പരിശീലിപ്പിക്കുന്നു. | സെപ്തംബർ ജനുവരി |
| * | സർഗാത്മകരചനകൾ വികസിപ്പിക്കാൻ അവസരം | സംസ്കൃത അസംബ്ലി സംസ്കൃതദിനം ചിത്രം - അഭിനയ് നമ്പർ ചാർട്ട് സുഭാഷിതം | നവംബർ - ഫെബ്രുവരി |

# സംസ്കൃതം.

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | എൽ.പി തലത്തിലെ എല്ലാകുട്ടികളും അക്ഷരങ്ങളും പദങ്ങളും അർത്ഥങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം<br>* ചിത്രങ്ങൾ ഉപയോഗിക്കൽ<br>* അക്ഷരകാർഡ്<br>* വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ. | ജൂൺ<br>ആഗസ്റ്റ് | പാഠപുസ്തകം<br>അക്ഷര ചാർട്ട് | BRC<br>[illegible] |
| 2. | കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പറയുക. | * നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കളും പേരുകളും സംസ്കൃതത്തിൽ പരിചയപ്പെടുത്തുക.<br>* പാഠപുസ്തകത്തിന്റെയും ICT യുടെയും സഹായത്തോടെയും വാക്കുകൾ പരിശീലിക്കുവാൻ അവസരം. | സെപ്റ്റംബർ<br>ഒക്ടോബർ | പാഠപുസ്തകം<br>സംസ്കൃത നിഘണ്ടു. | SCERT<br>BRC |
| 3. | സർഗാത്മക രചനകൾ വികസിപ്പിക്കുവാനുള്ള അവസരങ്ങൾ ഒരുക്കുന്നു. | * സംസ്കൃതം അസംബ്ലി<br>* ദിനാചരണം<br>* വ്യാസപൂർണിമ സംസ്കൃത ദിനം.<br>* ചിത്രം - അടിക്കുറിപ്പ്<br>* നാമ ചാർട്ട്<br>* അമര കോശം<br>* സൂക്തി ചിത്രം. | നവംബർ<br>ജനുവരി | പുസ്തകങ്ങൾ | BRC<br>PTA |

# അടിസ്ഥാന ശാസ്ത്രം

ലക്ഷ്യം

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക
* വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക
* വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി കലാ-കായിക പ്രവർത്തി പരിചയങ്ങളിൽ സജീവമായി പങ്കെടുക്കാൻ കഴിയുക
* വിദ്യാർത്ഥികൾക്ക് ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ ഒരേ പോലെ പ്രാപ്തമാക്കുക
* അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം ഊട്ടി ഉറപ്പിക്കുക
* അദ്ധ്യാപകർ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിരന്തരം അറിവുകൾ നിർമ്മിക്കപ്പെടുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്ത് നടപ്പാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| * ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മൂല്യവർധനങ്ങൾക്കും കുട്ടികളെ പ്രാപ്തരാക്കുക | നിരന്തര മൂല്യനിർണ്ണയത്തിനു വിധേയമാക്കുകയും, യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | ഫെബ്രു, മാസം | സയൻസ് അധ്യാപകർ | |
| * ശാസ്ത്രത്തിന്റെ പ്രക്രിയ ശേഷികളിൽ കുട്ടികളെയും മികച്ച നിലവാരത്തിൽ എത്തിക്കുക | സ്കൂൾ ലാബ് ശാക്തീകരണം പ്രവർത്തനം ശാസ്ത്രോപകരണങ്ങൾ വച്ചുള്ള അവസരം. നിരീക്ഷണ ഫലങ്ങൾ പറയൽ, പഠന യാത്രകൾ | 10 മാസം | " | |
| * ശാസ്ത്ര സർഗാത്മകതയ്ക്കുള്ള അവസരങ്ങൾ | സ്കൂൾ ശാസ്ത്ര ലൈബ്രറി ശാസ്ത്രനാടകം പരീക്ഷണങ്ങൾ | 10 മാസം | " | |
| * സ്കൂളിലെ ശാസ്ത്ര പഠനനിലവാരം മെച്ചപ്പെടുത്തൽ | പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ചിത്രീകരണങ്ങൾ ആകുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| * | പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് ജീവികളുടെ ആവാസ സംരക്ഷിക്കുക | പരിസ്ഥിതി ദിന ക്വിസ്സ്, പോസ്റ്റർനിർമ്മാണം, തൈ നടൽ സ്കൂളിനു ചുറ്റുമുള്ള ആവാസ വ്യവസ്ഥകൾ കണ്ടെത്തൽ | ജൂൺ | സയൻസ് അധ്യാപകർ | |
| * | നിരീക്ഷണം നിരീക്ഷണത്തിലൂടെ പരമാവധി അനുഭവങ്ങൾ ലഭിക്കുന്നു. | നിരീക്ഷണാനുഭവം പങ്കുവെക്കൽ രേഖപ്പെടുത്തൽ ലഘുപരീക്ഷണം ചുറ്റുപാടുകൾ നിരീക്ഷണം | 10 ദിവസം | " | |
| * | വ്യക്തിശുചിത്വം, പരിസര ശുചിത്വം | പോസ്റ്റർ പ്രദർശനം ആരോഗ്യ ശീലങ്ങൾ ശരിയായ മാലിന്യ സംസ്കരണം | 10 ദിവസം | " | |
| * | റോഡ് നിയമങ്ങൾ പാലിക്കുക | റോഡ്നിയമങ്ങളെ പരിചയപ്പെടുത്തുന്ന ക്ലാസ് . ICT സഹായത്തോടെ നൽകുന്നു- | June | " | |
| * | ശാസ്ത്രപരീക്ഷണങ്ങളിലൂടെ ശാസ്ത്ര അഭിരുചി വളർത്തുക. | ശാസ്ത്രമേളകൾ ലഘുപരീക്ഷണങ്ങൾ | 10 ദിവസം | " | |

| | | | | |
|---|---|---|---|---|
| * | ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുക | മരങ്ങൾ വച്ച് പിടിപ്പിക്കുന്നു. ദിനാചരണങ്ങൾ പ്ലാസ്റ്റിക് വിരുദ്ധ പ്രവർത്തനങ്ങൾ സയൻസ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് പ്രവർത്തനങ്ങൾ | | |
| * | കൃഷിയോടുള്ള താൽപര്യം വളർത്തുക | സ്കൂൾ തോട്ടം. കർഷകരുമായുള്ള സംവാദം. | | |
| * | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡു സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | 10 മാസം | |

# സാമൂഹ്യശാസ്ത്രം

## പൊതുലക്ഷ്യങ്ങൾ

* സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
* കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങളും കുട്ടികൾ ആർജ്ജിക്കുക.
* ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
* സാമൂഹ്യചിന്ത, സമൂഹബോധം എന്നിവ കുട്ടികൾ ആർജ്ജിക്കുക.
* മതേതര ജനാധിപത്യ ബോധം വളർത്തുക.
* പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുക.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| * സ്വാതന്ത്ര്യത്തിന്റെ പരിണാമഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും സ്വാതന്ത്ര്യ വികസന മനോഭാവം വളർത്തുന്നതിനും | ഹിരോഷിമ-നാഗസാക്കി ദിനാചരണം | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| * കുട്ടികൾക്ക് പ്രദേശത്തെ കുറിച്ച് ധാരണ ഉണ്ടാക്കുക | ഭൂപടം, ഗ്ലോബ്, . . . ഭൂപട വായന | 5 മാസം | 〃 |
| * പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ, സ്മാരകങ്ങൾ എന്നിവയെ പറ്റിയുള്ള അറിവ് നേടുക. | ലൈബ്രറി ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്താൻ അവസരം | 10 മാസം | 〃 |

| | | | | |
|---|---|---|---|---|
| * | സാമ്രാജ്യത്വത്തിന്റെ അടിസ്ഥാന തത്വങ്ങൾ, ആശയങ്ങൾ ഉൾക്കൊള്ളുക | നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ICT സഹായത്തോടെ കുട്ടികളിലെത്തിക്കുന്നു. | 10 മാസം | " |
| * | ചരിത്രത്തെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | " | " |
| * | ഭൂമിയുടെ ചലനവും ഘടനയും തിരിച്ചറിയുക ദിനരാത്രങ്ങൾ കാലാവസ്ഥ അക്ഷാംശ രേഖാംശ രേഖകളെ കുറിച്ചുള്ള ധാരണ | | | |

| | | | |
|---|---|---|---|
| *വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | 10 ദിനം | " |

| | | | |
|---|---|---|---|
| * വിവിധ ഘട്ടങ്ങളിലൂടെയാണ് മനുഷ്യന്റെ വികാസം പ്രാപിച്ചിട്ടുള്ളത് എന്ന ധാരണ നേടുന്നതിന് | മനുഷ്യന്റെ വികാസത്തിന്റെ ഘട്ടങ്ങൾ വീഡിയോ പ്രദർശനം | ജൂൺ | |
| * വിവിധ ശിലായുഗങ്ങൾ, ശിലായുധങ്ങൾ എന്നിവ പരിചയപ്പെടുന്നതിന്. | (ICT) വീഡിയോ പ്രദർശനം. | ജൂൺ | |
| * ഭൂമിയുടെ ഘടനയും ചലനവും തിരിച്ചറിയുന്നതിന് | ഗ്ലോബ് നിർമ്മാണം | ആഗസ്റ്റ് | |
| * ദിന രാത്രങ്ങൾ, കാലാവസ്ഥ, അക്ഷാംശ രേഖാംശ രേഖകൾ എന്നിവയെ കുറിച്ച് ധാരണ നേടൽ. | ഗ്ലോബ് നിരീക്ഷണം. | ആഗസ്റ്റ് | |
| * ഭൂപട വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക ദിശകൾ തിരിച്ചറിയുക, എന്നിവയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നതിന്. | വസ്തു നോക്കിയുള്ള പരിചയപ്പെടൽ<br>ദിശാസൂചിക വരക്കൽ<br>ദിശാസൂചിക ഉപയോഗിച്ച് ഭൂപടത്തിലെ ദിക്കുകൾ മനസ്സിലാക്കൽ<br>ഭൂപട നിരീക്ഷണം | ആഗസ്റ്റ്<br>സെപ്റ്റംബർ | |

| | | | |
|---|---|---|---|
| * ഗ്രാമ പ്രദേശവും നഗര പ്രദേശവും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുന്നതിനും ഗ്രാമീണ സംസ്കാരത്തെ അംഗീകരിക്കുവാൻ പ്രാപ്തരാക്കുന്നതിനും | ഗ്രാമ ഭംഗി ഉൾപ്പെടുന്ന വിവിധ വീഡിയോ പ്രദർശനം. നഗരജീവിതം വെളിപ്പെടുന്ന വീഡിയോ പ്രദർശനം. താരതമ്യപഠനം. | ആഗസ്റ്റ് | |
| * വിവിധ ആഹാര രീതികളും ഭക്ഷണക്രമങ്ങളും മനസ്സിലാക്കുന്നതിന് | ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൽ | | |
| * വിദൂരദേശങ്ങളിലുള്ള കച്ചവടമാർഗം വഴി ഇന്ത്യയിൽ പ്രചാരത്തിൽ വന്ന ഭക്ഷ്യവിഭവങ്ങൾ തിരിച്ചറിയുന്നതിന്. | തിരിച്ചറിയൽ കാർഡ് നിർമ്മാണം. | സെപ്തംബർ | |
| * വിവിധ നാഗരിക സംസ്കാരങ്ങൾ തിരിച്ചറിയുന്നതിനും സവിശേഷതകൾ മനസ്സിലാക്കുന്നതിനും. | ചോദ്യോത്തര [illegible]ടെ ചോദ്യ-ഉത്തര രൂപത്തിൽ വിവിധ സംസ്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിനുള്ള പ്രവർത്തനം. | സെപ്റ്റംബർ | |

| | | | |
|---|---|---|---|
| * വിവിധ സ്മാരകങ്ങൾ നിർമ്മിതികൾ മുതലായവയും വാസ്തുവിദ്യാ രീതികളും തിരിച്ചറിയുന്നതിന്. | ട്രിപ്പ് | ഒക്ടോബർ | അദ്ധ്യാപിക |
| * ഇന്ത്യയുടെ ഭൂപട മാതൃക മനസിലാക്കുന്നതിനും വേഗത്തിൽ ഇന്ത്യയുടെ ഭൂപടം വരക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കും. | ഇന്ത്യവരക്കാം. X V J K മുതലായ അക്ഷരങ്ങൾ ഉപയോഗിച്ച് വരക്കുന്ന പ്രവർത്തനം. | ഒക്ടോബർ | |
| * വിവിധ വായനാ കാർഡുകൾ വായിച്ച് സ്വന്തമായി വായനയിലും കാർഡിലുള്ള അടിസ്ഥാന വിവരങ്ങളെ കുറിച്ചും ധാരണ നേടുന്നതിനും | വായനാകാർഡുകൾ | നവംബർ | |
| * വിവിധ തൊഴിലുകൾ തിരിച്ചറിയുന്നതിനും സേവനം, തൊഴിൽ, വേതനം, കൂലി മുതലായവയെ കുറിച്ച് ധാരണ നേടുന്നതിനും. | ഡമ്പ് ഷറാസ് | നവംബർ | |
| * പ്രകൃതി സംരക്ഷണത്തിന്റെ ആ [illegible] | | | |

| | | | |
|---|---|---|---|
| സംരക്ഷണത്തിന്റെ ആവശ്യകതയും കുട്ടി തിരിച്ചറിയുന്നു. | പ്ലക്കാർഡുകൾ നിർമ്മാണം<br>പോസ്റ്റർ നിർമ്മാണ മത്സരം. | ജനുവരി. | |
| * ജനാധിപത്യ രീതികൾ തിരിച്ചറിയുന്നതിനും ഒരു നല്ല പൗരനെ വാർത്തെടുക്കുന്നതിനും. | സ്കൂൾ ഇലക്ഷൻ<br>ജനാധിപത്യം ഒരു ജീവിതക്രമം - സെമിനാർ<br>കേരളത്തിലെ മുഖ്യമന്ത്രിമാർ | ജൂലൈ മുതൽ ജനുവരി. | |

# സാമൂഹികം. പ്രാദേശിക വിവര ശേഖരണം.

SRG, സാമൂഹ്യശാസ്ത്ര ക്ലബ് എന്നിവ വഴി യുടെ മേഖല ഉപമേഖല തിരിച്ച് ക്ലിപ്സ് വത്സരങ്ങൾ പോലുള്ളവ നടത്തും. ICT സാധ്യതയോടുകൂടിയ S.S. Lab എന്ന സംരംഭം വിദ്യാലയ വികസന സമിതിയിൽ അവതരിപ്പിക്കൽ, ഗ്രാമ പഞ്ചായത്തുമായി ചേർന്ന് സ്പോൺസർമാരെ കണ്ടെത്തൽ, സാമൂഹ്യ ശാസ്ത്ര ലാബിലേക്ക് ഉണ്ടാക്കേണ്ട വിഭവങ്ങൾ, ലിസ്റ്റ് ചെയ്യൽ, ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, വാങ്ങിക്കേണ്ടവ എന്നിങ്ങനെ വേർതിരിച്ച് ലിസ്റ്റ് ചെയ്യൽ, ശേഖരിക്കേണ്ടവ, വാങ്ങിക്കേണ്ടവ എന്നിങ്ങനെ വേർതിരിച്ച് ലിസ്റ്റ് തയ്യാറാക്കും. പഴയകാലത്ത് ഉപകരണങ്ങൾ, പഴയ നാണയങ്ങൾ, കറൻസികൾ, സ്റ്റാമ്പുകൾ എന്നിവ ശേഖരിക്കൽ, പ്രാദേശിക പത്രങ്ങൾ ശേഖരിച്ച് സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയുക. പ്രകൃതിക്ഷോഭങ്ങളുടെ പ്രദേശങ്ങളിലേക്ക് പഠനയാത്രയിലൂടെ ദുരന്തം ഉൾക്കൊണ്ട് അവബോധം വളർത്തും. ഉത്സവങ്ങൾ, കലാരൂപങ്ങൾ, ചരിത്ര സ്മാരകങ്ങൾ, പ്രമുഖ വ്യക്തികൾ തുടങ്ങിയ ചിത്രങ്ങൾ ശേഖരിച്ച് ചരിത്ര ആൽബം തയ്യാറാക്കൽ, പ്രാദേശിക വിവരങ്ങൾ ശേഖരിച്ച് ചരിത്രം എഴുതിത്തയ്യാറാക്കൽ, ലഹരി വിരുദ്ധ മനോഭാവം, മദ്യം, പുകയില, മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം കുടുംബങ്ങളുടെ അടിത്തറ തകർക്കുന്നു എന്ന തിരിച്ചറിവിനായ് ക്ലാസുകൾ

തയ്യാറാക്കി വിതരണം ചെയ്യൽ, പ്രാദേശിക വിഭവ ഭൂപട നിർമ്മാണം, അറ്റ്ലസ് നിർമ്മാണം, ചെന്റ് സാമൂഹ്യശാസ്ത്ര ശേഖരണം, മണ്ണ്, മണൽ, ഉപ്പ് എന്നിവയും മറ്റു കാർഷിക വിഭവങ്ങളും ഉപയോഗിച്ചുള്ള ഭൂപട നിർമ്മാണം. അന്തർവിദ്യാലയങ്ങളോടെ പൊതുസമൂഹത്തിനെ അഭിമുഖീകരിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. സഹജീവി സ്നേഹം, അറിവ്, കരുണ, സഹിഷ്ണുത എന്നിവ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കുക.

## അക്കാദമിക പ്രവർത്തനം.

### പൊതുലക്ഷ്യങ്ങൾ

* ദൃശ്യങ്ങളോടും തയ്യാറാക്കൽ
* കലാകായിക വിദ്യാഭ്യാസം
* ലബോറട്ടറി നവീകരണം.
* ലൈബ്രറി നവീകരണം.
* സ്കൂൾ PTA ശക്തിപ്പെടുത്തൽ

# ഭൗതികം.

## പൊതുലക്ഷ്യങ്ങൾ

ലൈബ്രറി, മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിർമാർജ്ജനം, കളിസ്ഥലം, കുളസംരക്ഷണം.

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1. | ലൈബ്രറി നവീകരണം | പുസ്തകങ്ങളുടെ തരംതിരിക്കുന്നു.<br>പൊതുവായ സ്രോതസ്സുകൾ ഉപയോഗിച്ച് ലൈബ്രറി നവീകരിക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചർ PTA | |
| 2. | മാലിന്യ സംസ്കരണം | ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള കേന്ദ്രീകരണം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള പോസ്റ്റർ, ക്ലാസ്സുകളിൽ ലഘുലേഖകൾ, പേപ്പർ ബാഗ് നിർമ്മാണം. | 1 വർഷം | ക്ലാസ് ടീച്ചർ PTA മറ്റ് അധ്യാപകർ | [illegible] ഫണ്ട് |
| 3. | കളിസ്ഥലം. | കായിക വിദ്യാഭ്യാസത്തിന് വിപുലമായ സൗകര്യമൊരുക്കൽ. എല്ലാ കുട്ടികൾക്കും പരിശീലനം.<br>നിലവിലെ മൈതാനം മെച്ചപ്പെടുത്തൽ. | ഹ്രസ്വകാലം | PTA MPTA | [illegible] |
| 4. | കുളസംരക്ഷണം | നിലവിലെ കുളം വൃത്തിയാക്കി ജലസസ്യങ്ങൾ നട്ട് വളർത്തുന്നു.<br>അവബോധവ്യവസ്ഥ സ്ഥാപിക്കുന്നു. | 1 വർഷം | PTA MPTA അധ്യാപകർ | [illegible] |

# സാമൂഹികം.

## പൊതുലക്ഷ്യം.

- PTA ശക്തമാക്കുക.
- പൂർവ്വ വിദ്യാർത്ഥി സംഗമം
- പൂർവ്വ അധ്യാപക സംഗമം
- ക്ലാസ് PTA
- ദിനാചരണങ്ങൾ
- MPTA
- വിദ്യാലയ വികസനം PTA യിൽ അവതരിപ്പിക്കുക.
- ടാലന്റ് ലാബ്.

| ക്രമ നമ്പർ | ലക്ഷ്യം. | പ്രവർത്തനം | കാലയളവ് | ചുമതല | സാ… ത്തി… |
|---|---|---|---|---|---|
| 1 | PTA ശക്തിപ്പെടുത്തൽ | PTA എല്ലാമാസവും കൃത്യമായി കൂടുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും PTA യുടെ പങ്കാളിത്തം | പ്രതിമാസം | HM SRG അധ്യാപകർ | |
| 2. | ക്ലാസ് PTA | കൃത്യമായി കൂടിച്ചേരൽ പഠന പുരോഗതി വിലയിരുത്തൽ എല്ലാമാസവും മൂല്യനിർണയം നടത്തി. പഠന പുരോഗതി ചർച്ച ചെയ്യുന്നു. വിദ്യാർത്ഥികളുടെ മികവുകൾ പങ്കുവെക്കുന്നു. | വർഷത്തിൽ എല്ലാ തവണ (മാസം തോറും) | ക്ലാസ് ടീച്ചർ | |
| 3. | പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം | പൂർവ്വ വിദ്യാർത്ഥി സംഗമത്തിന് വേദിയൊരുക്കുക. വിദ്യാലയത്തിന്റെ സ്ഥിതിഗതികൾ വിലയിരുത്തുക. അവരുടെ പങ്കാളിത്തം സ്കൂൾ പ്രവർത്തനങ്ങളിൽ നിലനിർത്തുക. | വർഷത്തിൽ 2 തവണ. | സ്റ്റാഫ് കൗൺസിൽ | |
| 4. | മികവ് പ്രവർത്തനം | കുട്ടികളുടെ മികവുകൾ പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു. ഫെബ്രുവരിയിൽ സ്കൂൾമേള സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു തവണ | HM PTA പൂർവ്വ വിദ്യാർത്ഥികൾ | |

| | | | | | |
|---|---|---|---|---|---|
| 5. | ടാലന്റ് ലാബ് | കലാപരമായി കഴിവു-ള്ള രക്ഷിതാക്കളുടെ സേവനം | ദീർഘ കാലം | PTA പൂർവ്വ വിദ്യാർത്ഥികൾ | |

# സംഗ്രഹം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് എല്ലാ വിഷയങ്ങൾക്കും പ്രാധാന്യം നൽകി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കലാ-കായിക-സാമൂഹിക ഉന്നമനത്തിനായി ആവശ്യമായ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികളെയും വിദ്യാർത്ഥികളെയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും പരിഗണിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഭംഗിയായി നടപ്പിലാക്കുന്നതിന് രക്ഷകർത്താക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു. ഇതിന്റെ നടത്തിപ്പിനാവശ്യമായ എല്ലാ അനുഗ്രഹങ്ങളും അയ്യപ്പസ്വാമി നൽകുമാറാകട്ടെ എന്ന പ്രതീക്ഷയോടെ മാസ്റ്റർ പ്ലാൻ സമൂഹത്തിന് സമർപ്പിക്കുന്നു.